"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കൊല്ലം കുമ്പളം സെൻറ് മൈക്കിൾസ് വി.എച്ച്.എസ്.എസ്.ലെ റിട്ട. ഹെഡ്മാസ്റ്റർ ശ്രീ. ജേക്കബ് മൈക്കിൾ ഫയൽ ചെയ്ത WP(C)No.27438/2024-ന്മേൽ ബഹു. ഹൈക്കോടതി 05.08.2024 ലെ വിധിന്യായം നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.10112/2025/GEDN തീയതി,തിരുവനന്തപുരം, 08-12-2025

---

പരാമർശം:-
1. ശ്രീ ജേക്കബ് മൈക്കിൾ 12.07.2024 തീയതിയിൽ സമർപ്പിച്ച റിവിഷൻ ഹർജി (Exbt P7)
2. ശ്രീ. ജേക്കബ് മൈക്കിൾ ഫയൽ ചെയ്ത WP(C)No.27438/2024-ന്മേൽ ബഹു.ഹൈക്കോടതിയുടെ 05.08.2024 ലെ വിധിന്യായം
3. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ DEOKLM/2179/2024-B3 നമ്പർ കത്ത്
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 04.12.2025 ലെ ഇ.റ്റി1/23364/2024/ഡി ജി ഇ നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം കുമ്പളം സെൻറ് മൈക്കിൾസ് വി.എച്ച്.എസ്.എസ്.ലെ റിട്ട. ഹെഡ്മാസ്റ്റർ ശ്രീ. ജേക്കബ് മൈക്കിൾ ഫയൽ ചെയ്ത WP(C)No.27438/2024-ന്മേൽ ബഹു.ഹൈക്കോടതി 05.08.2024 തീയതിയായി പുറപ്പെടുവിച്ച വിധിന്യായത്തിൽ, ഹർജിക്കാരനെയും അഞ്ചാം എതിർകക്ഷിയായ കോർപ്പറേറ്റ് മാനേജരെയും കേൾക്കുന്നതിനും EXT P7 (Request of petitioner dated 12.07.2024) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം

നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 29.11.2024 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി.

**2.ഹർജിക്കാരനായ ശ്രീ.ജേക്കബ് മൈക്കിൾ-ന്റെ അപേക്ഷ ഇപ്രകാരമാണ്:**

1. ഹർജിക്കാരൻ HSA (മാത്സ് )-ൽ 01/06/2005 to 01/08/2005, 26/07/2006 to 31/05/2007 (Additional Post) and 01.06.2007-12.11.2007 ട്രാൻസ്ഫർ പോസ്റ്റിലേക്ക് നിയമിച്ചു. തുടർന്ന് 01/06/2009 to 04/06/2012 മുതലുള്ള ഒഴിവിലേക്ക് ഹർജിക്കാരനെ എച്ച്എസ്എ (മാത്സ് ) ആയി സ്ഥിരപ്പെടുത്തി നിയമിച്ചു. 01/06/2005 to 01/08/2005, 26/07/2006 to 31/05/2007 and 01.06.2007-1211.2007 വരെയുള്ള നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചില്ല. G.O.10/10 പ്രകാരം മാനേജർ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിച്ചുകൊള്ളാം എന്നു സമ്മതിച്ചു നോട്ടോറൈസ്ഡ് അണ്ടർടേക്കിങ് നൽകാത്തതിനാലാണ് അഡിഷണൽ ഒഴിവ് നിയമനം അംഗീകരിക്കാതിരുന്നത്.

2. ഹർജിക്കാരന്റെ നിയമനത്തിനുള്ള അംഗീകാരം നിരസിച്ചതിന്റെ പ്രധാന കാരണം 12.01.2010-ലെ ജി.ഒ.10/2010 പ്രകാരം ആവശ്യപ്പെടുന്ന ബോണ്ട് മാനേജർ അഥവാ നോട്ടറൈസ്ഡ് കൺസെന്റ് നൽകിയില്ല എന്നുള്ളതാണ്. എന്നാൽ ബഹുമാനപെട്ട കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് judgement dated 26.07.2017 in WA No. 2592/2015 പ്രകാരം മാനേജർ ബോണ്ട് നൽകിയിട്ടില്ല എങ്കിലും ആയതു നൽകിയതായി പരിഗണിച്ച് അധ്യാപകരുടെ നിയമനം അംഗീകരിക്കാൻ ഉത്തരവ് ആയിട്ടുള്ളതാണ്. ടി വിധി തുടർന്നുള്ള നിരവധി വിധിന്യായങ്ങളിൽ തുടർന്നും നിർദ്ദേശിച്ചു വരുന്നതാണ്.

3.ടി വിധിയിൽ പരാമർശിച്ചിട്ടുള്ളപോലെയുള്ള ബോണ്ട് ടി സ്കൂൾ കോർപ്പറേറ് മാനേജർ കെട്ടിവെക്കാത്തതിനാലാണ് ഹർജിക്കാരന്റെ 01/06/2005 to 01/08/2005, 26/07/2006 to 31/05/2007 and 0106.2007-12.11.2007 വരെയുള്ള നിയമനം അംഗീകരിക്കാത്ത പോയത്. മേൽപറഞ്ഞ കാലയളവിലെ നിയമനം സ്ഥിരപ്പെടുത്തുന്നതിന് കോർപ്പറേറ്റ് മാനേജരുടെ ബോണ്ട് നോക്കേണ്ട ആവശ്യകത ഇല്ലെന്ന് മേൽ ഹൈക്കോടതി ഉത്തരവുകളിലൂടെ വ്യക്തമാണ്.

4.കൂടാതെ സർക്കാർ നിലപാട് പ്രകാരം, പുതുതായി തുറന്ന സ്കൂളിൽ,

ഒഴിവുകൾ പ്രൊട്ടക്റ്റഡ് ഹാൻഡ്സിനെ നിയമിക്കണം, എന്നാൽ മാനേജർ അതു ചെയ്തിരുന്നില്ല; എന്നാൽ കോടതി ഉത്തരവുകളും നിയമങ്ങളും പരിശോധിച്ചതിനുശേഷം, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി **judgement dated 04.08.2011 in WP No. 28577/2008** പ്രകാരം ഒരു യോഗ്യ അധ്യാപകനെ നിയമിച്ചാൽ, പ്രൊട്ടക്റ്റഡ് ഹാൻഡ്സ് നിയമിക്കപ്പെട്ടില്ലെന്ന കാരണത്താൽ അംഗീകാരം നീട്ടിവയ്ക്കാൻ കഴിയില്ലെന്ന് കണ്ടെത്തി, അതിനാൽ പെറ്റിഷനർമാരുടെ നിയമനം ആദ്യ നിയമനദിവസങ്ങളിൽ നിന്ന് അംഗീകരിക്കണമെന്ന് വിധിച്ചു. ടി വിധി തുടർന്നുള്ള നിരവധി വിധിന്യായങ്ങളിൽ തുടർന്നും നിർദ്ദേശിച്ചു വരുന്നതാണ്.

5. കെ.ഇ.ആർ.ന്റെ ചാപ്. **XIV-A R.7** അനുസരിച്ച്, **"as soon as a teacher is appointed in a subject, the Manager shall immediately issue an appointment order to the teacher (in Form 27) and the appointment shall be effective from the date on which the teacher is admitted to duty, provided the appointment is duly approved"** ഗ്രാന്റ് അംഗീകാരത്തെ സംബന്ധിച്ചിടത്തോളം, സാധാരണഗതിയിൽ, അത് സ്റ്റാഫ് ഫിക്സേഷൻ ഓർഡർ പ്രകാരമുള്ള ഒഴിവുകളുടെ നിലനിൽപ്പിനും തസ്തികയുടെ അനുമതിക്കും യോഗ്യത പൂർത്തീകരിച്ച് അധ്യാപകനിയമനത്തിനുള്ള യോഗ്യതയ്ക്കും അനുസൃതമായിരിക്കണം. ഈ വ്യവസ്ഥകൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ, അംഗീകാരം നൽകുന്നതിന് മറ്റെന്തെങ്കിലും നിയമപരമായ തടസ്സമില്ലെങ്കിൽ, സാധാരണഗതിയിൽ അംഗീകാരം നൽകാൻ വിസമ്മതിക്കാനാവില്ല.

6. സംരക്ഷിത അധ്യാപകരുടെ പട്ടിക മാനേജ്മെന്റിനെ അറിയിക്കേണ്ടത് വിദ്യാഭ്യസ അതോറിറ്റിയുടെ കടമയാണ്. **19.11.2009** മുതൽ പ്രാബല്യത്തിൽ വന്ന സർക്കുലറിന് അനുസൃതമായി, സംരക്ഷിത അധ്യാപകരുടെ ലിസ്റ്റ് സുരക്ഷിതമാക്കാനും ഒരു പ്രൊട്ടക്റ്റഡ് ഹാൻഡ് നിയമനത്തിന് മുമ്പ് മറ്റ് നിയമനങ്ങൾ ഉണ്ടാവില്ല. അതിനാൽ, സർക്കുലറിന് **19.11.2009** മുതൽ മാത്രമേ പ്രാബല്യമുണ്ടാകൂ എന്നത് നിലവിൽ നിയമപരമായ ഒരു നിലപാടാണ് അതിനാൽ, സംരക്ഷിത അധ്യാപകരുടെ ഒരു ലിസ്റ്റ് നൽകാനും സംരക്ഷിത അധ്യാപകരുടെ നിയമനം നൽകാനും വിദ്യാഭ്യാസ അതോറിറ്റി

ആവശ്യപ്പെടുന്നതിന് സ്കൂൾ മാനേജരുടെ മേൽ ഒരു ചുമതലയും ഉണ്ടായിരിക്കില്ല (**G.O.No.3829/09/G.Edn. dated 19.11.2009 which clarifies G.O.No.46/06/G.Edn. dated 1.2.2006**)

ആയതിനാൽ സമക്ഷത്തെ ദയവുണ്ടായി ടി ഹൈക്കോടതിയുടെ വിധികളുടെ വെളിച്ചത്തിൽ ഹർജിക്കാരന്റെ **01/06/2005 to 01/08/2005, 26/07/2006 to 31/05/2007 and 01.06.2007-12.1.2007** വരെയുള്ള കാലയളവിലെ നിയമനം അംഗീകരിക്കാൻ നിർദേശിച്ചു ഉത്തരവാകണം എന്നു താഴ്മയായി അപേക്ഷിക്കുന്നു.

**3. മാനേജരുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

കുമ്പളം സെന്റ് മൈക്കിൾസ് വി.എച്ച്.എസ്.എസ്.ലെ പ്രധമാദ്ധ്യാപകനായി വിരമിച്ച ശ്രീ ജേക്കബ് മൈക്കിളിനെ **01.06.2005** മുതൽ **01.08.2005** വരെ എച്ച്.എസ്.റ്റി. ഗണിതമായി നീണ്ടകര സെന്റ് ആഗ്നസ് ഹൈസ്കൂളിൽ ശ്രീമതി ശോശാമ്മ ജോസിന്റെ അവധി ഒഴിവിൽ നിയമിച്ചിരുന്നു. ഈ നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ബി3/**6528/2005/26-06-2006**-ലെ ഉത്തരവ് പ്രകാരം ദിവസ വേതനാടിസഥാനത്തിലാണ് അംഗീകരിച്ചു നൽകിയത്. ശ്രീ ജേക്കബ് മൈക്കിളിനെ **26/07/2006** മുതൽ കൊല്ലം സെന്റ് അലോഷ്യസ് എച്ച്.എസ്.ൽ **2006 - 2007** വർഷത്തെ അധികതസ്തികയിൽ നിയമിച്ചു. ഈ നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ റിവിഷൻ ഹർജിയും **17-08-2005**-ലെ സർക്കാർ ഉത്തരവ് നമ്പർ **317/2005**/പൊ.വി.വ. പ്രകാരം നിരസിച്ചു.

**1-06-2007** മുതൽ ടിയാനെ കോയിവിള സെന്റ് ആന്റണീസ് എച്ച്.എസ്.ൽ സ്ഥലംമാറ്റി നിയമിച്ചു എങ്കിലും എച്ച്.എസ്.റ്റി.ഗണിതം തസ്തികനഷ്ടം വന്നതിനാൽ പുറത്തുപോകേണ്ടതായി വരുകയും ചെയ്തു. **02-06-2008** മുതൽ കൊട്ടിയം എൻ.എസ്.എം.ജി.എച്ച്.എസ്.ൽ എച്ച്.എസ്.റ്റി.ഗണിതം ആയി നിയമനാംഗീകാരം ലഭിക്കുകയും ചെയ്തു.

**12-06-2000** മുതൽ **18-10-2000** വരേയും തുടർന്ന് വിവിധ അവധി ഒഴിവുകളിൽ നിയമിതനാവുകയും നിയമനാംഗീകാരം ലഭിച്ചിട്ടുള്ളതിനാൽ ശ്രീ ജേക്കബ് മൈക്കിൾ കെ.ഇ.ആർ. അദ്ധ്യായം **14**എ ചട്ടം **51**എ അവകാശിയാണ്. ഈ സാഹചര്യത്തിൽ **51**എ അവകാശം പരിഗണിച്ചു **01-06-2005** മൂതൽ **01-08-2005** വരെ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകിയ നീണ്ടകര സെന്റ്

ആഗ്നസ് ഹൈസ്കൂളിലെ നിയമനം ശംമ്പളസ്കെയിലിൽ അംഗീകരിക്കുവാനും കൊല്ലം സെന്റ് അലോഷ്യസ് എച്ച്.എസ്.എസ്.ലെ 26-07-2006 മുതൽ 31-05-2007 വരെയുള്ള നിയമനം വ്യവസ്ഥാപിത ഒഴിവ് ലഭ്യമായതിനാലും ജി.ഓ.പി 10-10-പൊ. വിവ. 12-01-2010-നെതിരെ ബഹു. സുപ്രീംകോടതിയിൽ കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്തിട്ടുള്ള എസ്.എൽ.പി.യുടെ അന്തിമവിധിക്ക് വിധേയമായി അംഗീകരിച്ചു നൽകുവാൻ ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

**4.പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു:**

കൊല്ലം കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെൻറിന് കീഴിലുള്ള നീണ്ടകര സെന്റ് ആഗ്നസ് ഹൈസ്കൂളിലെ എച്ച്.എസ്.റ്റി. (ഗണിതം) അദ്ധ്യാപികയായ ശ്രീമതി ശോശാമ്മ ജോസിന്റെ 01.06.05 മുതൽ 01.08.05 വരെയുള്ള കാലയളവിലെ ശൂന്യവേതനാവധി ഒഴിവിൽ ശ്രീ ജേക്കബ് മൈക്കിളിനെ 01.06.05 മുതൽ 01.08.05 വരെ ദിവസവേതനാടിസ്ഥാനത്തിൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചു. ടി നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി നിയമനം ദിവസവേതനാടിസ്ഥാനത്തിൽ തന്നെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

കൊല്ലം സെന്റ് അലോഷ്യസ് ഹൈസ്കൂളിലെ 2006-07 അദ്ധ്യയന വർഷത്തെ എച്ച്.എസ്.റ്റി.(ഗണിതം) അധിക തസ്മികയിൽ ശ്രീ ജേക്കബ് മൈക്കിളിനെ 26.07.06 മുതൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചു. സ.ഉ.(അ) നം. 10/10 പൊ.വി.വ.ന്റെ അടിസ്ഥാനത്തിലുള്ള ബോണ്ട് കോർപ്പറേറ്റ് മാനേജർ സമർപ്പിക്കാതിരുന്നതിനാൽ ടി നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു. കൊല്ലം സെന്റ് അലോഷ്യസ് ഹൈസ്കൂളിലെ 2006 - 07 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 7 എച്ച്.എസ്.റ്റി.(ഗണിതം) തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൊല്ലം സെന്റ് അലോഷ്യസ് ഹൈസ്കൂൾ പ്രഥമാദ്ധ്യാപകൻ സമർപ്പിച്ച സ്റ്റാഫ് സ്റ്റേററ്മെന്റ് പ്രകാരം ശ്രീ.ജേക്കബ് മൈക്കിൾ ഉൾപ്പെടെ 8 പേർ ജോലി ചെയ്യുന്നു. ആകയാൽ എട്ടാമതായി ഉൾപ്പെട്ട ശ്രീ ജേക്കബ് മൈക്കിളിന് നിലനിൽക്കുവാൻ വ്യവസ്ഥാപിതമായ ഒഴിവ് ലഭ്യമല്ല.

കോയിവിള സെന്റ് ആന്റണീസ് ഹൈസ്കൂളിലെ എച്ച്.എസ്.റ്റി.(ഗണിതം) അദ്ധ്യാപികയായ ശ്രീമതി സുശീല എം.ന്റെ സ്ഥലംമാറ്റ ഒഴിവിൽ **01.06.07** മുതൽ ശ്രീ.ജേക്കബ് മൈക്കിളിനെ കോർപ്പറേറ്റ് മാനേജർ നിയമിച്ചു. ടി സ്കൂളിൽ **2** എച്ച്.എസ്.റ്റി. (ഗണിതം) തസ്തികകളേ അനുവദിച്ചിട്ടുള്ളൂ എന്നതിനാലും ശ്രീ ജേക്കബ് മൈക്കിളിനെ നിയമിച്ചിരിക്കുന്നത് മൂന്നാമത്തെ എച്ച്.എസ്.റ്റി. (ഗണിതം) തസ്തികയിലായതിനാൽ ടിയാന് നിലനിൽക്കുവാൻ വ്യവസ്ഥാപിതമായ ഒഴിവ് ലഭ്യമല്ല എന്ന കാരണത്താലും ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിട്ടുണ്ട്. കോയിവിള സെനറ്റ് ആന്റണീസ് ഹൈസ്കൂൾ പ്രഥമാദ്ധ്യാപകൻ സമർപ്പിച്ച **1/6/2007**-ലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പ്രകാരം ശ്രീമതി ലൈല സൈമൺ, ശ്രീ ഇമ്മാനുവൽ ജെ. എന്നീ രണ്ട് പേർ ടി തസ്തികകളിൽ സേവനമനുഷ്ഠിച്ചിരുന്നു. **01.06.07** മുതൽ ടിയാനെ കോയിവിള സെന്റ് ആൻറണീസ് എച്ച്.എസ്.ൽ സ്ഥലംമാറ്റി നിയമിച്ചു എങ്കിലും എച്ച്.എസ്.റ്റി.(ഗണിതം) തസ്തികനഷ്ടം വന്നതിനാൽ ടിയാൻ പുറത്ത് പോകേണ്ടതായി വന്നതായി കോർപ്പറേറ്റ് മാനേജരും അറിയിച്ചിട്ടുണ്ട്. ആകയാൽ ശ്രീ. ജേക്കബ് മൈക്കിളിന് **01.06.07** മുതൽ **12.11.07** വരെ നിലനിൽക്കുവാൻ വ്യവസ്ഥാപിതമായ ഒഴിവ് ലഭ്യമല്ല.

**29.03.06**-ലെ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി3/**12487/05**/കെ.ഡിസ് ഉത്തരവ് പ്രകാരം ശ്രീ.ജേക്കബ് മൈക്കിളിന്റെ **3/1/05** മുതൽ **31.03.05** വരെയുള്ള കാലയളവിലെ എച്ച്.എസ്.ടി.(ഗണിതം) തസ്തികയിലെ നിയമനം അംഗീകരിച്ചു നൽകിയിട്ടുള്ളതിനാൽ ടിയാൻ ചട്ടം **51A** അവകാശിയാണ്. ടിയാന്റെ യോഗ്യതകൾ ബി.എസ്.സി.(ഗണിതം), ബി.എഡ് ആണ്. ബി.എ.(ഇംഗ്ലീഷ്), ബി.എഡ്.(ഇംഗ്ലീഷ്) യോഗ്യതകൾ ടിയാനില്ല. ടിയാന് ചട്ടം **51A** അവകാശം എച്ച്.എസ്.റ്റി.(ഗണിതം) തസ്തികയിലാണെന്നും എച്ച്.എസ്.റ്റി.(ഇംഗ്ലീഷ്) തസ്തികയിൽ മുൻഗണനാവകാശം ഇല്ല. നിയമനാംഗീകാരത്തോടെ തുടർന്നു വരുന്ന അധ്യാപകനെ മാത്രമേ എച്ച്.എസ്.റ്റി.(ഇംഗ്ലീഷ്) തസ്തികയിൽ നിലനിർത്തുവാൻ കഴിയുകയുള്ള എന്നും ബി.എസ്.സി.(ഗണിതം), ബി.എഡ് മാത്രം യോഗ്യതയുള്ള തുടർച്ചയായ നിയമനാംഗീകാരം ലഭ്യമല്ലാത്ത അദ്ധ്യാപകനെ എച്ച്.എസ്.റ്റി (ഇംഗ്ലീഷ്)

തസ്തികയിൽ നിലനിർത്തുവാൻ നിലവിൽ സർക്കാർ ഉത്തരവുകളില്ലെന്നു റിപ്പോർട്ട് ചെയ്യുകൊള്ളുന്നു.

4.സർക്കാർ ഈ വിഷയം ഹർജിക്കാരന്റെയും മാനേജരുടെയും വാദങ്ങൾ, സമർപ്പിക്കപ്പെട്ട രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

5. ഹർജിക്കാരന്റെ 01.06.2005 മുതൽ 01.08.2005 വരെയും 26.07.2006 മുതൽ 31.05.2007 വരെയും 01.06.2007 മുതൽ 12.11.2007 വരെയുമുള്ള കാലയളവുകളിലെ എച്ച്.എസ്.ടി.(മാത്സ്) നിയമനം എല്ലാ ആനുകൂല്യങ്ങളോടെയും അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി വിഷയത്തിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ ഇവയാണ് :

i) ഹർജിക്കാരനെ 01.06.2005 മുതൽ എച്ച്.എസ്.എ.(മാത്സ്) ആയി ദിവസവേതനത്തിൽ നിയമിച്ചുകൊണ്ടുള്ള നിയമന ഉത്തരവ് അംഗീകാരത്തിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും അയച്ചുകൊണ്ടുള്ള കത്തിന്റെ പകർപ്പ് EXT P1 ആയി സമർപ്പിച്ചിട്ടുണ്ട്.

ii) തുടർന്ന് ടിയാനെ 01.06.2007 മുതൽ ട്രാൻസ്ഫർ വേക്കൻസിയിൽ എച്ച്.എസ്.എ. (മാത്സ്) ആയി നിയമിച്ചിട്ടുണ്ട് (EXT P3)

iii) ഹർജിക്കാരന്റെ 26.07.2006-ലെ HSA (Maths) നിയമനം DPI 18.093.2007-ലെ ഉത്തരവ് പ്രകാരം നിരസിച്ചിട്ടുണ്ട് (EXT P4)

iv) ഹർജിക്കാരന്റെ 01.06.2005 മുതൽ 01.08.2005വരെയുള്ള നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകിയിട്ടുണ്ടെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു.

v) 2006-07 വർഷത്തെ എച്ച്.എസ്.ടി..(ഗണിതം) അധിക തസ്തികയിൽ 26.07.2006 മുതൽ ഹർജിക്കാരനെ നിയമിച്ചെങ്കിലും G.O.(P)No.10/10 dated 12.01.2010 പ്രകാരം മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടിയാന്റെ നിയമനം നിരസിച്ചുവെന്നും, ടി വർഷത്തെ തസ്തിക നിർണയ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള 7 എച്ച്.എസ്.ടി. (ഗണിതം) തസ്തികകളിൽ ഹർജിക്കാരൻ എട്ടാമതായി ജോലി ചെയ്യുന്നതിനാൽ ടിയാന് നിലനിൽക്കുവാൻ വ്യവസ്ഥാപിത

ഒഴിവ് ലഭ്യമല്ലെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു.

**vi)** കോയവിള സെന്റ് ആന്റണീസ് ഹൈസ്കൂളിൽ എച്ച്.എസ്.ടി.(ഗണിതം) സ്ഥലംമാറ്റ ഒഴിവിൽ ഹർജിക്കാരനെ **01.06.2007** മുതൽ നിയമിച്ചുവെങ്കിലും, **01.06.2007**-ലെ സ്റ്റാഫ് സ്റ്റേററ്മെന്റ് പ്രകാരം സ്കൂളിലെ രണ്ട് എച്ച്.എസ്.ടി.(ഗണിതം) തസ്തികകളിലും അധ്യാപകർ നിലനിൽക്കുന്നതിനാൽ ഹർജിക്കാരന് **01.06.2007** മുതൽ **12.11.2007** വരെ നിലനിൽക്കുവാൻ വ്യവസ്ഥാപിത ഒഴിവ് ലഭ്യമല്ലെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിക്കുന്നു.

**vii)** ഹർജിക്കാരന്റെ കൊട്ടിയം എൻ.എസ്.എം.ജി.എച്ച്.എസ്.ലെ **02.06.2008** മുതലുള്ള എച്ച് എസ് റ്റി (ഗണിതം) നിയമനത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് മാനേജർ റിപ്പോർട്ട് ചെയ്യുന്നു.

**viii)** **12.06.2000** മുതൽ **18.10.2000** വരെയും തുടർന്ന് വിവിധ അവധി ഒഴിവുകളിൽ നിയമിതനാകുകയും നിയമനാംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ളതിനാൽ ടിയാൻ **51A** അവകാശിയാണെന്നും, അതിന്റെ അടിസ്ഥാനത്തിൽ, **01.06.2005** മുതൽ **01.08.2005** വരെ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച ടിയാന്റെ നിയമനം ശമ്പളസ്കെയിലിൽ അംഗീകരിക്കണമെന്നും, **26.07.2006** മുതൽ **31.05.2007** വരെയുള്ള കാലയളവിൽ ടിയാന് നിലനിൽക്കുവാൻ വ്യവസ്ഥാപിത ഒഴിവ് ലഭ്യമായതിനാൽ മാനേജർ **G.O.(P)No. 10/10 dated 12.01.2010**-നെതിരെ സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള **SLP**-യുടെ അന്തിമവിധിക്ക് വിധേയമായി ടി നിയമനം അംഗീകരിക്കണമെന്നും മാനേജർ അറിയിക്കുന്നു.

മേൽ സാഹചര്യത്തിൽ, കൊല്ലം കുമ്പളം സെൻറ് മൈക്കിൾസ് വി.എച്ച്.എസ്.എസ്.ലെ റിട്ട. ഹെഡ്മാസ്റ്റർ ശ്രീ. ജേക്കബ് മൈക്കിൾ **51A** അവകാശിയാണെന്ന് ഉറപ്പുവരുത്തിയശേഷം ടിയാന്റെ **01.06.2005** മുതൽ **01.08.2005** വരെയുള്ള നിയമനം ശമ്പളസ്കെയിലിൽ അംഗീകരിക്കാവുന്നതും, **26.07.2006** മുതൽ **31.05.2007** വരെയും , **01.06.2007** മുതൽ **12.11.2007** വരെയും ശ്രീ ജേക്കബ് മൈക്കിളിന് നിലനിൽക്കുവാൻ വ്യവസ്ഥാപികമായ ഒഴിവ് ലഭ്യമല്ലാത്തതിനാൽ ക്രമീകരിക്കാനാവില്ലയെന്നുള്ള നിർദേശം പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു നൽകി, അപ്രകാരം **Ext.P7** തീർപ്പാക്കി ശ്രീ.ജേക്കബ് മൈക്കിൾ ബഹു.ഹൈ കോടതിയിൽ ഫയൽ ചെയ്ത പരാമർശം **(2)** ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**M RATHEESH**

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എആൻറ് ഇ/ആഡിറ്റ്), തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ (വി.എച്ച്.എസ്.ഇ) ഡയറക്ടർ, തിരുവനന്തപുരം

ശ്രീ.ജേക്കബ് മൈക്കിൾ, തെക്കേപുതുവൽ, കോയിവിള പി.ഒ, കരുനാഗപ്പള്ളികൊല്ലം

പൊതു വിദ്യാഭ്യാസ (ജെ.എ) വകുപ്പ്, **(GE-JA3/274/2025-GEDN dtd,25.10.2025)**

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 08-12-2025 16:51:50

സെക്ഷൻ ഓഫീസർ